LIBRARY ARCHIVES Kerala Legislative Assembly

മാമ്പറം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടനിർമ്മാണം

233 (3984) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി മട്ടന്നൂർ നിയോജക മണ്ഡലത്തിലെ മാമ്പറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിന് എത്ര തുക അനുവദിക്കുകയുണ്ടായി ;

(ബി) കെട്ടിട നിർമ്മാണത്തിനുള്ള ടെൻഡർ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ മാമ്പറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിന് 47,65,885 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി & സി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് മൂന്നു പ്രാവശ്യം ടെണ്ടറും തുടർന്ന് 5 പ്രാവശ്യം ക്വട്ടേഷനും ക്ഷണിച്ചു. അവസാന ക്വട്ടേഷൻ ക്ഷണിച്ചത് 9-6-2015-ലാണ്. ആയതിന്റെ തുടർനടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ കഴിയും.

കല്പറ്റ മുനിസിപ്പാലിറ്റിയിലെ ചൂഴലിപ്പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്

234 (3985) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്പറ്റ മുനിസിപ്പാലിറ്റിയിലെ ചൂഴലിപ്പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പൂർത്തിയാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ചൂഴലിക്കാറ്റിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായി വയനാട് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡുകളും പാലങ്ങളും)-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുള്ള ചെലവ് പൊതുമരാമത്ത് വകുപ്പിന്റെ ഇൻവെസ്റ്റിഗേഷൻ

പ്രവൃത്തികൾക്കുള്ള ശീർഷകത്തിൽ നിന്നു വഹിക്കാവുന്നതിനാൽ പ്രത്യേകമായി തുക വകയിരുത്തേണ്ടതില്ല.

കൊല്ലം-തേനി ദേശീയപാത -ഹൈസ്കൂൾ ജംഗ്ഷൻ മുതൽ കടപുഴപാലം വരെയുള്ള പുനരുദ്ധാരണം

235 (3986) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-തേനി ദേശീയപാതയിലെ-ഹൈസ്കൂൾ ജംഗ്ഷൻ മുതൽ കടപുഴപാലം വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാർ തുക അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത റോഡിന് തുക അനുവദിച്ചിട്ടില്ലെങ്കിൽ തുക അനുവദിപ്പിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ & ബി) കൊല്ലം-തേനി ദേശീയപാതയിലെ - ഹൈസ്കൂൾ ജംഗ്ഷൻ മുതൽ കടപുഴപാലം വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം 1922.21 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നുവരികയാണ്.

പഴങ്ങാട് പാലം നിർമ്മാണം

236 (3987) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാന പാതയിൽ പുനർനിർമ്മിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ളതും പുതുതായി നിർമ്മിക്കേണ്ടതുമായ പഴങ്ങാട് പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിലെ കാലതാമസം എന്തുകൊണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ തടസ്സങ്ങളുണ്ടെങ്കിൽ അതു വിശദമാക്കാമോ ?

ഉത്തരം

(എ-സി) പഴങ്ങാട് പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി അഡ്വാൻസ് പൊസഷനിൽ ലഭ്യമായിട്ടുണ്ട്. മറ്റു തടസങ്ങളൊന്നും ഇല്ല. പ്രവൃത്തി എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly